ഉത്തരം

(എ) കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 19.6.1999-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പണിക്ക് 8,83,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(സി)&(ഡി) എസ്റ്റിമേറ്റ് തുകയുടെ 20% എങ്കിലും ബജറ്റ് വിഹിതമുണ്ടെങ്കിൽ മാത്രമേ പണി ആരംഭിക്കുന്നതിന് പ്രത്യേകാനുമതി നൽകാറുള്ളൂ. പ്രത്യേകാനുമതി ലഭിച്ചശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്നിക്കൽ അനുമതി നൽകുന്നതാണ്.

(ഇ) നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് പണി ആരംഭിക്കുന്നതാണ്.

കാഞ്ഞിരപ്പള്ളി സിവിൽസ്റ്റേഷൻ

111 (894)ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി സിവിൽ സ്റ്റേഷന്റെ പുതുക്കിയ പ്ലാൻ പ്രകാരമുള്ള പണി എന്നുതുടങ്ങും;

(ബി) ഇത്രയുംനാൾ പണി നീട്ടിക്കൊണ്ടുപോകാൻ കാരണങ്ങൾ എന്തെങ്കിലും ഉണ്ടോ;

(സി) എങ്കിൽ അവ ഏതെല്ലാം;

(ഡി) തടസ്സങ്ങൾ നീക്കി പുതുക്കിയ പ്ലാൻ അനുസരിച്ച് പണി ഉടൻ തുടങ്ങാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)-(സി) കാഞ്ഞിരപ്പള്ളി സിവിൽ സ്റ്റേഷന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് പാമ്പാടിയിലെ രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്; ഡിസൈൻ തീരുമാനമാകുന്നതിൽ വന്ന കാലതാമസംമൂലം പണി നീണ്ടുപോയിട്ടുണ്ട്.

(ഡി) ഡിസൈൻ ലഭിച്ചാലുടനെ പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മൈത്രീ ഭവന പദ്ധതി വായ്പ ലഭിക്കാനുള്ള കാലതാമസം

112 (895)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീ ഭവന പദ്ധതിയിൽ വായ്പയ്ക്ക് അപേക്ഷിച്ചവർക്ക് ആഫീസ് കാര്യങ്ങളിൽ വലിയ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly